


# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153

**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630

October 12, 2008, Vol. 4, Issue 3

All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm




# Canonization of St. Alphonsa

HIS HOLINESS POPE BENEDICT XVI WILL DECLARE SR. ALPHONSA AS SAINT ON OCTOBER 12, 2008.

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**First Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**

## RECONCILIATION / CONFESSION

**First Sundays from 10:00 A.M. - 12:30 P.M.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## THEOLOGY CLASS

**Second and Fourth Saturdays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

October 2008

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

# Schedule of Events

**SATURDAY, OCTOBER 11, 2008**
Holy Mass, 10 Day Rosary and Novena at 10:00 A.M.
**Theology Class after 10:00 A.M. Mass**

**SUNDAY, OCTOBER 12, 2008**
Holy Mass and Religious Education at 10:00 A.M.
Rosary in the Church after the Mass.
Rosary and English Mass at 11:30 A.M. in the hall.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

**MONDAY, OCTOBER 13, 2008**
Holy Mass and 10 Day Rosary at 7:00 P.M.

**TUESDAY, OCTOBER 14, 2008**
Holy Mass and 10 Day Rosary at 7:00 P.M.

**WEDNESDAY, OCTOBER 15, 2008**
Holy Mass and 10 Day Rosary at 7:00 P.M.

**THURSDAY, OCTOBER 16, 2008**
Holy Mass and 10 Day Rosary at 7:00 P.M.
Holy Mass and Novena at Community Center at 7:00 P.M.

**FRIDAY, OCTOBER 17, 2008**
Holy Mass, Novena of St. Michael and 10 Day Rosary at 7:00 P.M.

**SATURDAY, OCTOBER 18, 2008**
Holy Mass, 10 Day Rosary and Novena at 10:00 A.M.

**SUNDAY, OCTOBER 19, 2008**
MISSION SUNDAY
Holy Mass and Religious Education at 10:00 A.M.
Rosary in the Church after the Mass.
Rosary and English Mass at 11:30 A.M. in the hall.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

**MONDAY, OCTOBER 20, 2008**
Holy Mass and 10 Day Rosary at KCS Community Center 7:00 P.M.

**TUESDAY, OCTOBER 21, 2008**
Holy Mass and 10 Day Rosary at KCS Community Center 7:00 P.M.

**WEDNESDAY, OCTOBER 22, 2008**
Holy Mass and 10 Day Rosary at KCS Community Center 7:00 P.M.

**THURSDAY, OCTOBER 23, 2008**
Holy Mass,d Novena and 10 Day Rosary at Community Center at 7:00 P.M.

**FRIDAY, OCTOBER 24, 2008**
Holy Mass and 10 Day Rosary at Community Center at 7:00 P.M.
Holy Mass at 7:00 P.M.

**SATURDAY, OCTOBER 25, 2008**
Holy Mass and Novena at 10:00 A.M.
**Theology Class after 10:00 A.M. Mass**
**St. Stephen's Koodarayogam at the house of Mr. Kurian Nellamattam.**



# വികാരിയുടെ സന്ദേശം

## ഒരു സാദാ കന്യാസ്ത്രീ എങ്ങനെ പുണ്യവതിയായി?

എന്റെ പ്രിയ സഹോദരങ്ങളേ,

സമ്പത്തും സുഖലോലുപതയും പ്രശസ്തിയും നേടുന്നതിനു വ്യഗ്രത പൂണ്ട ലോകത്തിനു ക്രിസ്തു മാർഗ്ഗത്തിലൂടെ പുതിയൊരു പാഠം നല്കുന്ന പുണ്യവതിയാണ് നമ്മുടെ നാട്ടിൽതന്നെ ജനിച്ചു വളർന്ന സിസ്റ്റർ അൽഫോൻസാ. ഒക്ടോബർ 12ന് അവളെ വിശുദ്ധയായി പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പ്രഖ്യാപിക്കുമ്പോൾ, അതു വലിയ ചരിത്ര സംഭവമായി മാറുകയാണ്. ഇന്ത്യയിൽ ജനിച്ചു വളർന്ന രണ്ടാമത്തെ സെയിന്റ്, ഭാരതത്തിൽനിന്നു പുണ്യവതിയായ പ്രഥമ വനിത, സീറോ മലബാർ സഭയുടെയും കേരള സഭയുടെയും പ്രഥമ സെയിന്റ് എന്നിങ്ങനെ അവൾ പ്രാധാന്യമർഹിക്കുകയാണ്. "എളിയവരെ ഉയർത്തുന്ന" ദൈവത്തിന്റെ വലിയ കൃപയാണ് നാമിവിടെ ദർശിക്കുക. ഇപ്പോൾ കഷ്ടതയനുഭവിക്കുന്നവർ ഭാഗ്യവാന്മാർ എന്ന ഈശോയുടെ തിരുവചനം അൽഫോൻസാമ്മയിൽ യാഥാർത്ഥ്യമാകുകയാണ്. ദൈവ പരിപാലനയിൽ മാത്രം സാക്ഷാല്ക്കരിക്കപ്പെടുന്ന ഈ ചരിത്ര സംഭവത്തിനു സാക്ഷ്യം വഹിക്കുവാൻ നമ്മുടെ ഇടവകയുടെ പ്രതിനിധികളായി നൂറിലധികം പേർ വത്തിക്കാനിലുണ്ടാകുമെന്നത് നമ്മുടെ വലിയ ഭാഗ്യമാണ്. ഇരുപതു നൂറ്റാണ്ടുകൾ പിന്നിട്ട നമ്മുടെ മുൻ തലമുറകൾക്കു ദർശിക്കാൻ സാധിക്കാതിരുന്ന അസുലഭ അനുഗ്രഹമാണിത്. അതിനു നമുക്കു ദൈവത്തെ സ്തുതിക്കാം.

കത്തോലിക്കാ സഭയിലെ വിശുദ്ധരുടെ ചരിത്രം പരിശോധിച്ചാൽ ഒട്ടു മിക്കവരും സഭയുടെ സജീവ പ്രചാരകരോ, നവീകരണ പ്രവർത്തകരോ, സഭാ സ്ഥാപകരോ, രക്ത സാക്ഷികളോ ആയിരുന്നു. എന്നാൽ ഇതൊന്നുമില്ലാതെ സാധാരണക്കാരായ നമുക്കും വിശുദ്ധരാകാമെന്ന് അൽഫോൻസാമ്മയുടെ ജീവചരിത്രം നമ്മെ പഠിപ്പിക്കുന്നു. എളിമയുടെയും സഹനത്തിന്റെയും പര്യായമായിരുന്ന അന്നക്കുട്ടിയെന്ന പേരിൽ ജീവിതമാരംഭിച്ച അൽഫോൻസാമ്മ. കോട്ടയത്തിനടുത്തു കുടമാളൂരിൽ 1910ൽ ജനിച്ച അന്നക്കുട്ടിയുടെ ജീവിതം തുടക്കം മുതലേ ദുരിത പൂർണ്ണമായിരുന്നു. ചെറുപ്പത്തിലെ അമ്മയെ നഷ്ടപ്പെട്ട അവളെ വളർത്തിയത് മാതൃ സഹോദരിയായിരുന്നു. മൂന്നാം വയസ്സിൽ ഒരു വർഷത്തോളം അവർ രോഗാവസ്ഥയിലായിരുന്നു. വീണ്ടും പതിമൂന്നാം വയസ്സിൽ ഉമിതീയിൽ വീണു കാലുകൾക്കു പൊള്ളലേറ്റ് ഏറെക്കാലം കഷ്ടതയനുഭവിച്ചു. സന്യാസിനിയും സ്കൂൾ അദ്ധ്യാപികയുമായിരുന്ന അവൾ രോഗം മൂലം ജോലി ചെയ്യാനാവാതെ സഹന പൂർണ്ണമായ പ്രാർത്ഥനയിൽ ദൈവ സന്നിധിയിൽ സമയം ചെലവഴിച്ചു. ഇടയ്ക്ക് വിശുദ്ധ കൊച്ചു ത്രേസ്യായുടെയും ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും മാദ്ധ്യസ്ഥം അവളെ സൗഖ്യത്തിലെത്തിച്ചു. എങ്കിലും വീണ്ടും അവൾ രോഗിയായി. ന്യുമോണിയാ ബാധിച്ച് അവശതയിലായ അവളുടെ മുറിയിൽ കള്ളൻ കയറി. അത് അവളെ ഏറെ പരിഭ്രാന്തയാക്കുകയും അസുഖം വർദ്ധിപ്പിക്കുകയും ചെയ്തു. മുപ്പത്തിയാറാമത്തെ വയസ്സിൽ സഹന ജീവിതത്തിന് അറുതി വരുത്തി ദൈവം അവളെ സൗഭാഗ്യകരമായ സ്വർഗ്ഗ ഭാഗ്യത്തിലേയ്ക്ക് 1946 ജൂൺ 28ന് വിളിച്ചു. അവളുടെ ഭൗതിക ശരീരം ഭരണങ്ങാനത്ത് മഠത്തിന്റെ ചാപ്പലിൽ അടക്കം ചെയ്തു.

ശാരീരിക അസ്വാസ്ഥ്യങ്ങളും മാനസിക പീഢനങ്ങളും നമ്മിൽ പിറുപിറുപ്പും, അന്യരോട് വിരോധവും, ദൈവത്തിൽനിന്ന് അകല്ചയും ജനിപ്പിക്കുകയല്ല വേണ്ടതെന്ന് അൽഫോൻസാമ്മയുടെ ജീവിതം നമുക്കു സാക്ഷ്യം നല്കുന്നു. തന്റെ ജീവിതം തീച്ചൂളയായിരുന്നപ്പോഴും അതിൽനിന്നു മറ്റുള്ളവർക്കു ചൂടും പ്രകാശവും പകരുവാൻ അവൾക്കു കഴിഞ്ഞു. മുന്തിരിഫലങ്ങൾ സ്വയം ഞെരിഞ്ഞ് സഹനത്തിലൂടെ രുചികരമായ വീഞ്ഞും കർത്താവിന്റെ തിരുരക്തവുമായി മറ്റുള്ളവർക്ക് സമർപ്പിക്കുന്നതിനോടാണ് അൽഫോൻസാമ്മ തന്റെ സഹനത്തെ താരതമ്യപ്പെടുത്തിയത്. അതുതന്നെയാണ് ഗോതമ്പു മണികൾക്കും സംഭവിക്കുന്നത്. നാം മറ്റുള്ളവർക്കുവേണ്ടി സ്വയം ത്യജിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ ദൈവത്തിൽ ഒന്നാകുവാൻ നമുക്കാവില്ല.

അൽഫോൻസാമ്മയുടെ പ്രിയ കൂട്ടുകാർ സ്കൂൾ കുട്ടികളായിരുന്നു. നല്ല പഠനം ഉണ്ടാകുവാനും പരീക്ഷയിൽ ജയിക്കുവാനും അവർ, അൽഫോൻസാമ്മ ജീവിച്ചിരുന്നപ്പോഴും മരണശേഷവും അവളുടെ പ്രാർത്ഥനാ സഹായം തേടി ചെന്നിരുന്നു. അവരിൽ ആരെയും അവൾ നിരാശരാക്കിയില്ല. സ്വർഗ്ഗത്തിൽനിന്നു ദൈവാനുഗ്രഹത്തിന്റെ റോസാ പുഷ്പങ്ങൾ വർഷിക്കുമെന്ന് ജീവിതാന്ത്യത്തിനു മുൻപ് വാഗ്ദാനം ചെയ്യുകയും അതുപോലെ പ്രവർത്തിക്കുകയും ചെയ്ത, അൽഫോൻസാമ്മയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായെപ്പോലെ അവളിന്ന് സ്വർഗ്ഗീയാനുഗ്രത്തിന്റെ പുഷ്പവൃഷ്ടി നടത്തുന്നു. നമ്മുടെ കുട്ടികളെയും, പരീക്ഷകളിൽ വിജയം വരിക്കുവാനുള്ള നമ്മുടെ പ്രയാസങ്ങളേയും നമുക്ക് അവളുടെ പക്കൽ സമർപ്പിക്കാം.

നിരന്തരം രോഗിയായിരുന്ന അൽഫോൻസാ രോഗികളോടു പ്രത്യേകം കാരുണ്യമുള്ളവളാണ്. ഒരു കുട്ടിയുടെ കാലിലുണ്ടായിരുന്ന വൈകല്യം മാറ്റിയതാണല്ലോ ശാസ്ത്രീയമായി തെളിയിക്കപ്പെട്ട, അവളെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിനു നിമിത്തമായ അത്ഭുതം. രോഗികൾ, പ്രത്യേകിച്ചു കാലിന് അസുഖമുള്ളവർ അൽഫോൻസാമ്മയുടെ സഹായം തേടുന്നു. എന്നാൽ രോഗങ്ങളിൽ നിന്നു പൂർണ്ണ വിമോചനം ലഭിക്കുവാനല്ല, അതിലുപരി അൽഫോൻസാമ്മയെപ്പോലെ ഒഴിവാക്കാനാവാത്ത സഹനത്തെ

*(Continued on page 4)*

### നറുങ്ങുവെട്ടം



**ഒഴിവാക്കാനാവാത്ത ജീവിത ക്ലേശത്തെ തനിക്കും മറ്റുള്ളവർക്കും ശാപമാക്കി മാറ്റാതെ ദൈവത്തിങ്കലേയ്ക്കുള്ള ഗോവണിയാക്കി മാറ്റണം.**



# Photos of St. Alphonsa



















1. Funeral Group Photo with sisters and father. 2. Chapel where she is buried. 3. St. Mary’s Forane Church, Bharananganam.

1. In the coffin. 2. Tomb. 3. Her room.

1.Her father. 2. Painting of Annakkutty.

*(Continued from page 3)*

പ്രത്യാശയോടെ പുണ്യാഭിവൃദ്ധിക്കായി പ്രയോജനപ്പെടുത്തുവാൻ വേണ്ട കൃപയ്ക്കാണ് നാം അൽഫോൻസാമ്മയെ സമീപിക്കേണ്ടത്.

മെക്സിക്കോയിൽ നിന്നു ഷിക്കാഗോയിൽ കുടിയേറിയവരുടെ തീർഥാടന കേന്ദ്രമായിരുന്നു നമ്മുടെ മേവുഡ് പള്ളി. അവിടെയുണ്ടായിരുന്ന ഗ്വഡലൂപ്പെ മാതാവിന്റെ അമൂല്യമായ അത്ഭുതരൂപം മാത്രമാണ് ഇടവക വിട്ടിറങ്ങുമ്പോൾ സ്പാനിഷുകാരായ മുൻ ഇടവകക്കാർ നമ്മോട് ആവശ്യപ്പെട്ടത്. അവരുടെ വികാരം മാനിച്ച് നാം അതിനു സമ്മതിച്ചു. അതിനു പകരമായാണ് നമ്മുടെ ഇടവകയിൽനിന്ന് 50 പേർ മെക്സിക്കോയിലെ ഗ്വഡലൂപ്പെ മാതാവു പ്രത്യക്ഷപ്പെട്ട സ്ഥലത്തു ചെന്നു പ്രാർത്ഥിച്ച് അവിടുത്തെ ബസലിക്കയിൽനിന്ന് മാതാവിന്റെ തിരുസ്വരൂപവുമായി വന്നത്. തന്നോടുള്ള നമ്മുടെ സ്നേഹതീക്ഷ്ണതയിൽ സംപ്രീതയായ പരിശുദ്ധ അമ്മ അന്നു നമ്മുടെ പള്ളിക്ക് ഏറെ തിരുസ്വരൂപങ്ങളും തിരു വസ്തുക്കളും സമ്മാനമായി തന്നയച്ചു. അവയാണു നമ്മുടെ പള്ളിയെ ഐശ്വര്യമുള്ളതാക്കിയത്. തുടർന്ന് അവൾ ഗ്വഡലൂപ്പെയിൽ ചെയ്യുന്നതു പോലുള്ള അനുഗ്രഹ വർഷം നമ്മുടെ ഇടവകയ്ക്കും ഇടവക പള്ളിയിലെ അവളുടെ തിരുസ്വരൂപത്തിൽ വന്നു പ്രാർത്ഥിക്കുന്നവർക്കും നിരന്തരം നല്കിക്കൊണ്ടിരിക്കുന്നു. അതിനു വലിയ തെളിവാണ് അനവധിപേർ നമ്മുടെ ഈ ന്യൂസ് ലെറ്ററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉപകാരസ്മരണകൾ വഴിയുള്ള സാക്ഷ്യം.

രണ്ടു വർഷം മുൻപ് 50പേർ ഗ്വഡലൂപ്പെയ്ക്കു തീർഥാടനം നടത്തിയെങ്കിൽ ഇന്ന് 100 പേരാണ് വിശുദ്ധ നാടുകൾ വഴി വത്തിക്കാനിലെത്തി അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിക്കുന്ന ഗ്രാന്റ് വേഷനിൽ പങ്കുചേർന്ന് അവളെ അനുമോദിക്കുന്നത്. അതിലുള്ള അവളുടെ സന്തോഷം അതിൽ പങ്കെടുക്കുന്നവർക്കും, നമ്മുടെ ഇടവകയ്ക്കും ഇടവകക്കാർക്കും ലഭിക്കുമെന്നതിൽ സംശയമില്ല. ഈശോയുടെ തിരുഹൃദയവും മേവുഡ് മാതാവും കഴിഞ്ഞാൽ, അൽഫോൻസാമ്മ നമ്മുടെ മൂന്നാമത്തെ മദ്ധ്യസ്ഥയായി അത്ഭുതങ്ങൾകൊണ്ടു നമ്മെ അത്ഭുതപ്പെടുത്തും.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്



# അൽഫോൻസാ സൂക്തങ്ങൾ



**(അൽഫോൻസാമ്മയുടെ സ്വയംപ്രേരിത പ്രാർഥനകളിൽനിന്ന്)**

1. കഠിനവേദനകളിലും വലിയ പരീക്ഷണങ്ങളിലും മണവാളനോടുള്ള സ്നേഹബന്ധത്തിൽ എന്നെ ഉറപ്പിച്ചു നിർത്തിയത് കുരിശിൻ ചുവട്ടിലെ സ്ത്രീയാണ്.

2. മനസ്സറിവോടെ ഒരു നിസ്സാരപാപം പോലും ചെയ്ത് നല്ല ദൈവത്തെ ഉപദ്രവിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് എനിക്കിഷ്ടം.

3. എനിക്ക് ഏറ്റവും പ്രിയങ്കരമായ ഭോജനം വിശുദ്ധ കുർബാനയാണ്. ഞാനാണ് ജീവന്റെ അപ്പം എന്നരുളിയ ദിവ്യനാഥൻ എന്റെ ഉള്ളിൽ ആഗതനാകുമ്പോഴെല്ലാം അവാച്യമായ ആനന്ദം ഞാൻ അനുഭവിക്കുന്നു.

4. എന്നെ മുഴുവനും ഞാൻ കർത്താവിന് വിട്ടുകൊടുത്തിരിക്കുകയാണ്, അവിടുന്ന് ഇഷ്ടം പോലെ ചെയ്തുകൊള്ളട്ടെ.

5. പുഞ്ചിരി ഒരു തിരിവെട്ടമാണ്, സങ്കടപ്പെടുന്നവരുടെ മുഖത്തേയ്ക്ക് നോക്കി കരുണയോടെ ഞാൻ പുഞ്ചിരിക്കും.

6. എളിമയാണ് സുകൃതങ്ങളുടെ രാജ്ഞി; എളിമപ്പെടാൻ ലഭിക്കുന്ന ഏതൊരവസരവും വലിയ ഭാഗ്യമായി ഞാൻ കരുതുന്നു.

7. തെറ്റിൽ ഉൾപ്പെടുന്ന ഓരോ പ്രാവശ്യവും തെറ്റ് എത്ര ലഘുവായിരുന്നാൽപ്പോലും, എന്തെങ്കിലും പ്രായശ്ചിത്തം ഞാൻ സ്വമേധയാ ചെയ്യും. ഇതാണ് തെറ്റിൽനിന്ന് പിന്തിരിയാനുള്ള എളുപ്പവഴി.

8. എല്ലാ വേദനകളും ഈശോയുടെ തിരുഹൃദയത്തിൽ സമർപ്പിക്കുമ്പോൾ കൈവരുന്ന സന്തോഷം എത്രയോ വലുതാണ്.

9. ദൈവസ്നേഹമുണ്ടെങ്കിൽ പരസ്നേഹമുണ്ട് പൂവും പൂമ്പൊടിയുമെന്നപോലെ.

10. ലുബ്ധൻ പണം ചെലവാക്കുന്നതിനെക്കാൾ സൂക്ഷ്മതയോടെ ആയിരിക്കണം നാം വാക്കുകൾ ഉപയോഗിക്കുക.

11. കൊടുക്കുന്നതിലാണ് എനിക്ക് സന്തോഷം, ലഭിക്കുന്നതിലല്ല. മുഖസ്തുതി പറയുന്നവരിൽനിന്ന് ഞാൻ ഓടിയകലും.

12. എന്നെ മുഴുവനും സ്നേഹത്തിന്റെയും പരിഹാരത്തിന്റെയും ഒരു ബലിവസ്തുവായി ഈശോയ്ക്ക് ഞാൻ സമർപ്പിക്കുന്നു.

13. ഈശോ എന്ന തിരുനാമം ഉച്ചരിക്കുന്നത് എന്റെ നാവിന് ഏറെ മധുരമാണ്.

14. കർത്താവിനോട് എപ്പോഴും വിശ്വസ്തയായിരിക്കാൻ ഞാൻ ആഗ്രഹിച്ചു; അതിനായി ശ്രമിച്ചു. വാക്കുമാറുന്നതിനെക്കാൾ മരിക്കുന്നതാണ് എനിക്ക് ഇഷ്ടം.

15. ആഗ്രഹത്തിനു വിരുദ്ധമായി വരുന്നതെല്ലാം നന്നായി സഹിച്ച് കർത്താവിന് കാഴ്ച കൊടുക്കണം.

16. സ്നേഹത്തെ പ്രതി ദുരിതങ്ങൾ സഹിക്കുക, അതിൽ സന്തോഷിക്കുകയും ചെയ്യുക. ഇതുമാത്രമേ ഇഹത്തിൽ ഞാൻ ആഗ്രഹിക്കുന്നുള്ളൂ; ലോകസന്തോഷങ്ങളൊന്നും എനിക്കായിട്ടുള്ളതല്ലായെന്ന് എനിക്ക് പൂർണബോധ്യമുണ്ട്.

17. ഒന്നും ഓർത്ത് നമ്മൾ ദുഃഖിക്കേണ്ടതില്ല. കർത്താവ് എപ്പോഴും നമ്മോടുകൂടെയുണ്ട്.

18. എനിക്ക് എന്റെ ഈശോയെ മാത്രം മതി; മറ്റൊന്നും എനിക്കു വേണ്ട. പറഞ്ഞറിയിക്കാൻ വയ്യാത്ത മാധുര്യമായ എന്റെ ഈശോയേ, ലോക സന്തോഷങ്ങളെല്ലാം എനിക്ക് കയ്പായി പകർത്തണമേ എന്നതാണ് എന്റെ നിരന്തരമായ പ്രാർഥന.

19. മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം ഇതുവരെയും നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കാനുള്ള അനുഗ്രഹം ദൈവം എനിക്കു പ്രദാനം ചെയ്തു.

20. കുരിശു തന്നാണ് ഈശോ സ്നേഹിക്കുന്നത് സ്നേഹിക്കുന്നവർക്കാണ് കൂടുതൽ കുരിശുകളും സങ്കടങ്ങളും അവിടുന്നു നല്കുക. സഹിക്കുന്നത് എനിക്കു സന്തോഷമാണ്; സഹിക്കാൻ ലഭിക്കാത്ത ദിവസം ശൂന്യമായിട്ടാണ് എനിക്കു തോന്നുന്നത്.

21. എന്റെ കർത്താവ് അറിയാതെ എനിക്ക് ഒന്നും സംഭവിക്കുകയില്ല എന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്.

22. എന്തെല്ലാം കഷ്ടപ്പാടുകളുണ്ടായാലും ഞാൻ ഒരിക്കലും ആവലാതി പറയുകയില്ല.

23. എന്റെ ആത്മനാഥൻ കുരിശിലല്ലേ മരിച്ചത്? എനിക്കും സഹനങ്ങളുടെ കുരിശിൽ മരിക്കണം.

24. കുരിശിൻ ചുവട്ടിൽനിന്നവർപോലും കരുണയില്ലാതെ ഈശോയെ നിന്ദിക്കുകയല്ലേ ചെയ്തത്? എനിക്കാകട്ടെ ആശ്വസിപ്പിക്കാനും ശുശ്രൂഷിക്കാനും സഹതപിക്കാനും എത്രയോ പേർ അടുത്തുണ്ട്! ഞാൻ ഈശോയുടെ മണവാട്ടിയല്ലേ? മണവാളന്റെ വേദനകൾ ഓർക്കുമ്പോൾ എന്റേത് എത്ര നിസ്സാരം!

25. സ്വർഗത്തിൽ എനിക്കു സ്നേഹമുള്ള ഒരമ്മയുണ്ട്; ആ അമ്മയെക്കുറിച്ചു പറയുമ്പോൾ സന്തോഷംകൊണ്ട് എന്റെ കണ്ണുനിറയും.

26. കഷായം തരുന്ന കർത്താവുതന്നെ പഞ്ചസാരയും തരും. പാരവശ്യത്തിനുശേഷം ഉണ്ടാകുന്ന ആനന്ദമോർക്കുമ്പോൾ പാരവശ്യം നീങ്ങിക്കുന്നതിനായി പ്രാർഥിക്കുവാൻ തോന്നുകയില്ല.

27. മുന്തിരിപ്പഴങ്ങൾ ചക്കിലിട്ടു ഞെരിച്ചു കിട്ടുന്ന ചാറ് സംഭരിച്ചു വച്ചു ശുദ്ധീകരിക്കുമ്പോൾ വീര്യമുള്ള വീഞ്ഞു കിട്ടുന്നു. അതുപോലെ വേദനകൾകൊണ്ടു ശുദ്ധീകരിക്കപ്പെടുമ്പോൾ നാം ആത്മവീര്യമുള്ളവരാകുന്നു.

28. ആരും അറിയാതെ നോമ്പു നോക്കുക, അതു മനസ്സിനു ശക്തി പകരും

29. ഞാൻ ഏതു കാര്യം അപേക്ഷിച്ചാലും എന്റെ നല്ല ദൈവം ഒരിക്കൽപോലും എന്റെ അപേക്ഷ സാധിച്ചു തരാതിരുന്നിട്ടില്ല.

30. അധികാരികൾ എന്തു തീരുമാനിക്കുന്നുവോ, അത് എന്നെ സംബന്ധിച്ചുള്ള ദൈവതിരുമനസ്സായി ഞാൻ കണക്കാക്കുന്നു.

31. ഞാൻ സഹനത്തിന്റെ പുത്രിയാണ്; സഹനവും ത്യാഗവുമാകുന്ന കല്ലുകൾക്കൊണ്ടാണ് സ്വർഗത്തിൽ നമുക്കായി മാളികകൾ പണിയുന്നത്.

32. എനിക്കുള്ള ഒരു സ്നേഹപ്രകൃതമാണ്; എന്റെ ഹൃദയം മുഴുവനും സ്നേഹമാണ്. ആരെയും വെറുക്കാൻ എനിക്കു കഴിയുകയില്ല.

33. കർത്താവിന്റെ കുരിശിന്റെ ഓഹരി എനിക്കുണ്ട്; ഞാൻ അവിടുത്തോടുകൂടെ കുരിശിലാണ്. ഈ ഭാഗ്യം എല്ലാവർക്കും ഉള്ളതാണോ? അതുകൊണ്ട് ഞാൻ മിടുക്കിയാണ്.

34. ഞാൻ അപേക്ഷിച്ചാൽ കുരിശുകൾ മാത്രമേ ലഭിക്കുകയുള്ളൂ; അവ സഹിക്കാൻ സന്നദ്ധതയുണ്ടെങ്കിൽ മാത്രം നിങ്ങൾ എന്റെ പ്രാർഥന തേടിയാൽ മതി.

35. സുകൃതങ്ങളുടെ പരിമളച്ചെപ്പ് നമുക്ക് അടച്ചു സൂക്ഷിക്കാം; എല്ലാം ഈശോ മാത്രം അറിഞ്ഞാൽ മതി.

36. ഭാരക്കുറവുള്ള പക്ഷികൾക്ക് വളരെ വേഗത്തിൽ പറന്നുയരാൻ സാധിക്കുമല്ലോ. ചില പക്ഷികൾ പറന്നാൽ ചിറകടിക്കുന്ന ശബ്ദംപോലും കേൾക്കുകയില്ല. ഞാനും അതുപോലെ പറന്നുപോയി എന്റെ മണവാളന്റെ മടിയിൽ അഭയംപ്രാപിക്കും.

## കൊന്ത പത്ത്

**ഇടവക പള്ളിയിൽ** ഈ വർഷത്തെ കൊന്തപത്ത് ഒക്ടോബർ 10 വെള്ളി മുതൽ 19 ഞായർ വരെയായിരിക്കും. തിങ്കൾ മുതൽ വെള്ളിവരെ ദിവസങ്ങളിൽ വൈകുന്നേരം 7:00നും ശനിയാഴ്ച കളിലും ഞായറാഴ്ചകളിലും രാവിലെ 10:00നും കുർബ്ബാനയ്ക്കു ശേഷമായിരിക്കും കൊന്ത ചൊല്ലുന്നത്. ഞായറാഴ്ചകളിൽ കുട്ടികളുടെ കൊന്ത ഇംഗ്ലീഷിൽ വേദപാഠത്തിനുശേഷം പാരീഷ് ഹോളിലായിരിക്കും. തുടർന്ന് അവർക്ക് കുർബ്ബാനയും ഹോളിലായിരിക്കും.

**കമ്മ്യൂണിറ്റി സെന്ററിലെ കൊന്ത നമസ്കാരം** ഒക്ടോബർ 20 മുതൽ 24 വരെയും 27 മുതൽ 31 വരെയും (തിങ്കൾ മുതൽ വെള്ളി വരെ) വൈകുന്നേരം 7:00 മണിയ്ക്ക് കുർബ്ബാനയെ തുടർന്നാ യിരിക്കും. ഓ.എൽ.വി.യിലെ കുട്ടികളുടെ കൊന്ത നമസ്കാരം ഒക്ടോബർ 19, 26 തീയതികളിൽ വൈകുന്നേരം 5:15 നായിരിക്കും.

## MISSION SUNDAY

- October 19th Sunday is the Mission Sunday.
- We have to pray for all missionaries in this period of Christian persecution in India.
- Let us contribute for mission work through second collection, and auction at Maywood and OLV.
- We are also missionaries of Christ and so we need to rededicate our life for Christ's Mission through the service of our church and service of all humanity.



© Annika Nelson




### MARRIAGE PREPARATION COURSE

**Family Commission of Sacred Heart Knanaya Catholic Parish is offering Marriage Preparation Course that is mandatory for Catholic Marriage. The course will be held at our Church from Friday, November 28 to Sunday 30th. Early registration is required. Please contact Tonny Pullappally at 630-205-5078.**



**Sister Alphonsa Muttathupadathu,** born as Anna Muttathupadathu to Joseph and Mary Muttathupadathu on August 19, 1910 near Kottayam, was popular with children. Nick-named "Annakutty," she lost her mother early, and was raised by a maternal aunt. Alphonsa joined the Poor Clares in 1927 and received her postulant's veil in 1928. She also taught at a school in Vakakkad. Throughout her life, Sister Alphonsa suffered from severe illness, but recovered every time. She died on July 28, 1946 after a painful illness. She is buried at Bharananganam, South India in the Diocese of Palai. Her tomb has turned into a center of pilgrimage and many miracles have reportedly occurred there since then. Blessed Alphonsa would become Saint Alphonsa on October 12, 2008 and Sister Alphonsa would be India's second Catholic saint and first saint of the Syro-Malabar Church.

### Prayer to Blessed Alphonsa

Oh, Blessed Alphonsa, you have been graciously chosen from our midst to be united with Jesus Christ, our savior, in the misery of his passion, death and resurrection. You have grown to the heights of holiness and have been crowned with heavenly glory.

Help us in our trials and tribulations. Oh! Daughter of sufferings, obtain for us the grace to lead a holy life, following your example, in total submission to the will of God. Be with us, transforming all our sorrows into a holy sacrifice in union with Christ Crucified, in reparation to our sins, for the sanctification and salvation of the whole world. Amen



## YOUTH AND COUPLES RETREAT

Residential **Couples Retreat, Youth Retreat in Malayalam, Teens Retreat in English** for 7th to 10th Graders, and Youth Retreat in English for 11th graders and up for St. Mary's Unit and Maywood Church. Expert Team will guide all the retreat groups.

WHEN: **December 26th evening to 29th evening**.
WHERE: **Bishop Lane Retreat Center, Rockford**.
Common Transportation will be arranged. Early Registration is required to assure your seat. Registration fee per person to meet the expense including food, accommodation, resource team, and transportation is **$250**. Compulsory for Religious Education Staff and students from 7th grade. Please don't miss this great opportunity for spiritual experience. Please register with payment to Retreat coordinators, youth directors or DREs.

# BLESSING AND INAUGURATION OF OUR NEW SANCTUARY

**His Grace Mar Mathew Moolakkatt and**
**His Excellency Mar Jacob Angadiath**
**will bless and inaugurate**
**the sanctuary of our church**
**remodeled according to our tradition**
**on Sunday October 26th at 10:00 A.M.**




## SEMINAR OF LAY MINISTRIES



At our parish hall
On Sunday November 2nd at 11:30 A.M.
***Inauguration:*** **Mons Joseph MLA** (Minister of Public Works, Kerala)
***Felicitation:*** **Prof. Babu Thomas** Poozhikunnel, Principal, Uzhavoor College.
**Mr. Johny Lukose** (Malayala Manorama News Editor)

All parishioners are invited to attend this seminar sponsored by **Men's Ministry and Women's Ministry** of our parish.



## Ushers at Sacred Heart

| October 12 | October 19 |
|---|---|
| George Karikkal | Kichu Maliackalthera |
| Jaison Chacko | Jintu Muriparambil |
| Abin Kulathilkarottu | Sherry Kulathilkarottu |
| Sunil Vanchiparikal | Malu Muriparambil |
| **English Mass** | **English Mass** |
| Neethu Ellankiyil | Justin Korattiyil |
| Greesham Kattapuram | Anupama Puthenpurayil |

## READERS / LECTORS — ഏലിയാ ശ്ലീവാ മോശ കാലങ്ങൾ

| October 12 | PASSAGE | MAYWOOD MALAYALAM & ENGLISH | | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Isaiah 25:6-10a | Annama Thekaparambil | Greesham Kattapuram | Justin Mathew |
| 2nd Reading | Philip 4:12-14, 19-20 | Jose Thazhaththuvettathu | Lidiya Jacob | Naibo Thaiparampil |
| Gospel | Matthew 22:1-14 | *I have prepared my banquet, and everything is ready. Come to the feast!* | | |
| October 19 | | | | |
| 1st Reading | Isaiah 45:1, 4-6 | Mary Mannathumakil | Jaimie Vayalil | Tebin Kalapurackal |
| 2nd Reading | 1 Thessalo. 1:1-5b | Simon Kattapuram | Danny Kaniyaly | Terrin Kulangara |
| Gospel | Matthew 22:15-21 | *Give to Caesar what is Caesar's, and to God what is God's* | | |



## തിയോളജി കോഴ്സ്

മാസത്തിന്റെ എല്ലാ രണ്ടും നാലും ശനിയാഴ്ചകളിൽ 10:00 മണിയുടെ തിരുക്കർമ്മങ്ങൾക്കു ശേഷം തിയോളജി കോഴ്സ് നടത്തുന്നുണ്ട്. ബൈബിൾ, ആരാധനാക്രമം, സഭാ ശാസ്ത്രം, തുടങ്ങിയ വിഷയങ്ങൾ പഠിക്കുവാനും ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും ആഗ്രഹിക്കുന്നവർ ഇതിന്റെ കോർഡിനേറ്ററായ റോയി കണ്ണോത്തറയുടെ പക്കൽ പേരു നല്കി രജിസ്റ്റർ ചെയ്യുക. ഫോൺ നമ്പർ: 630-290-8756.

***Please Support Our Advertisers.***

**Best compliments from The Mutholath Family**

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463
9518 W. 179th Street, Tinley Park, IL 60487
(708) 489 6PRS
*www.pro-rehabservices.com*

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

Greetings to Knanaya Catholic Parish Chicago



SERVING THE MALAYALEE COMMUNITY SINCE 1982

Personal Injury • Wrongful Death • Medical Negligence • Car Accidents • Slip and Fall • Work Injuries

*Your Call is Always Welcome*

**Attorney Steve Crifase**

**312-855-0511**

8 South Michigan, Suite 2000, Chicago, Illinois 60603

*Dupage County Office and Home Visits Available*

**ST. MICHAEL'S TOWING**
24 HOUR ROADSIDE ASSISTANCE
1-866-JOE-4-TOW

**POWER WASH** 847-568-1500
4002 W. Chicago, IL
7736 W. Dempster, Morton Grove, IL



JOY CHEMMACHEL
312-560-1600

CLARK · Shell · Gas DEPOT · MARATHON · CITGO

Gasoline distribution throughout the Midwest

**Your KNANAYA Gasoline Jobber**
**Gas Depot Oil Co.**
IL 60053
847-581-0303 (Off)
847-581-0309 (Fax)
**www.gasdepot.com**

Your

Advertisement Here

**Professional with 11 years experience in catering.**

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

Call **WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

**ROYAL TRAVEL SERVICE**

3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625
TEL: (773) 509-9600, FAX: (773) 509-1196

*KUWAIT AIRWAYS * AIR INDIA * MALAYSIAN
* SWISS AIR * BRITISH AIRWAYS * LUFTHANSA
AIR FRANCE * KLM * SINGAPORE AIR, ETC.,

**YOUR KNANAYA TRAVEL AGENCY**

CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU

**LINCOLNWOOD**
**MORTGAGE SERVICES, INC.**



4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*
Please contact: **Benny Kuriakose (Kanjiraparayil)**
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals

*Home dream home !*
*To fulfill your sweet dream call today & experience the difference !*

Shaji Nirappil
Cell: (630)886-1044
Office: (630)539-7076
Fax: (630)833-6747
shajinirappil@hotmail.com



Avian Realty
Serving You More For Less

MLS

**FAMILY DENTAL Practice**

- Most Insurance accepted
- Free Consultation
- Emergencies promptly treated



Comprehensive Family & Cosmetic Dentistry
ORTHODONTICS (BRACES & INVISALIGN)
for children and Adults
DISCOUNTS available for every one
**MAJOR DISCOUNTS**
For patients WITHOUT insurance

Dr. Susan Edukutharayil, B.D.S.,D.D.S.
(University of Illinois graduate)
Practicing Dentistry in Chicago land area for the past 12 years !!!

**9709 N. Milwaukee Ave., Glenview, IL 60025**
(Northwest Corner of Milwaukee & Greenwood)
**Office: (847) 581-1418 Fax: ( 847) 581-1445**
Emergency: (630) 674-6201 Home: (630) 674-6207

**SPACE AVAILABLE FOR YOUR ADVERTISEMENT**

FOR ALL YOUR PERSONAL AND BUSINESS TAX SERVICES



TOMY NELLAMATTAM
619 N. Milwaukee Ave., Suite 25
Glenview, IL 60025.
847-486-4112 (Off)
847-302-8556 (Cell)
847-724-3247 (Fax)

CITYWIDE JMW REALTY INC.



4313 W. Irwing Park, Chicago, IL 60641

**ALEX MULLAPPALLIL**
REALTOR CONSULTANT

Tel: 773-286-6200 * Cell: 847-208-6657
Res: 847-679-9431 * Fax: 773-286-9516

Specializing in: Gas Stations, Investments, Commercial, & Residential.



**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS

7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com

* Free Electronic Filing *
* Refund in 24 Hours *

**CitizensBank&Trust**
5700 N. Central Ave. Chicago, IL 60646

**YOUR COMMUNITY BANK!**
**WE ARE HERE FOR ALL YOUR NEEDS!**
*Commercial * Residential * Investments*

FDIC
FEDERAL DEPOSIT INSURANCE CORPORATION

EQUAL HOUSING LENDER

ANNA G. LES
ASSISTANT VICE PRESIDENT
Main: 773.763.6200
Email: annales@cbtoc.com

**United ATM & CARD**
***Your Source For Revenue***
619 N. Milwaukee Ave. Suite # 17
Glenview, IL 60025
**FREE ATM Machine**
**FREE Credit Card Machine**
**Call Thampychen Chemmachel**
Toll Free 866 595 8192 Office 847 510 5725
Cell 630 788 6486 Jlukose@ uaacc.com